## ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :-നഗര - ഗ്രാമാസൂത്രണ വകുപ്പ് - ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - ആലപ്പുഴ ജില്ല - മാവേലിക്കര- പാണ്ടനാട് ഗ്രാമപഞ്ചായത്ത് - പാണ്ടനാട് വില്ലേജ് - **പെട്രോൾ പമ്പ് നിർമ്മാണം** - ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പാണ്ടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28-10-2019- ലെ എ 2-3694/2019 നമ്പർ കത്ത്.

2. ആലപ്പുഴ ജില്ലാ ടൗൺ പ്ലാനറുടെ 03-01-2020-ലെ TCPALP/996/2019-C നമ്പർ കത്ത്.

==================================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ. **TCPCTP/144/2020-C3** തീയതി: **05/02/2020**

==================================================================

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പാണ്ടനാട് വില്ലേജിൽ റീസർവ്വെ നമ്പർ. 589/3-ൽ ഉൾപ്പെട്ട 14.83 ആർ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് 33.25 ചതുരശ്ര മീറ്റർ, കനോപ്പി 192 ചതുരശ്ര മീറ്റർ ഉൾപ്പെടെ ആകെ 225.20 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി.വീണ.റ്റി.ഡി.**, തെക്കുംതലക്കൽ, കാട്ടൂർ പി.ഒ., കലവൂർ, ആലപ്പുഴ-688522 -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും , സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ.2011 ചട്ടം 11(1) പ്രകാരം അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വെ നമ്പർ, അളവുകൾ, വിസ്തീർണ്ണം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥല പരിശോധന നടത്തിയും ശരിയാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. കെ.പി.ബി.ആർ.2011 ചട്ടം 61(6) പ്രകാരം ഫയർഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിക്കണം.
3. കെ.പി.ബി.ആർ. 2011-ലെ ചട്ടം 61(9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരം വാങ്ങിയിരിക്കണം.
4. ചട്ടം 61(16) പ്രകാരം ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് പ്രസ്തുത പ്ലോട്ടിൽ

സ്ഥാപിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

5. കെ.പി.ബി.ആർ. 2011-ലെ ചട്ടം 61(17) പ്രകാരം പാഴ്ജലം പുനർചംക്രമണം ചെയ്യുന്നതിനും പുനരുപയോഗിയ്ക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
6. Petrol Tank, Vent Pipe ഇവയുടെ നിർമ്മാണം കെ .പി.ബി.ആർ.2011-ലെ ചട്ടം 61(10)ൽ പറയുന്ന പെട്രോളിയം റൂൾസ് 1976 പ്രകാരം ആയിരിക്കേണ്ടതാണ്.
7. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ. 2011-ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ**. 22/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ.

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 033
തിരുവനന്തപുരം

**പി.ആർ. ജയശ്രീ.**
ടൗൺ പ്ലാനർ

**സെക്രട്ടറി**
പാണ്ടനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

<u>പകർപ്പ്</u>:-1. ശ്രീമതി. വീണ.റ്റി.ഡി.,
തെക്കുംതലക്കൽ, കാട്ടൂർ.പി.ഒ., കലവൂർ,
ആലപ്പുഴ-688522
2. ടൗൺ പ്ലാനർ, ആലപ്പുഴ.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.